MAY 2022 **U/ID 30731/ULD4A**

Time : Three hours Maximum : 75 marks

PART A — (10 × 2 = 20 marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. അവൻ യോനാഥന്റെ പാരമ്പര്യക്കാരനാണ്. സ്വപ്നം കാണുന്നത് ശിംശോനെയും -ആരാണ് അവൻ?

2. ഞാനിപ്പോൾ വിശപ്പു തന്നെയാണ് എന്നു പറയുന്നതാര്? കാരണമെന്ത്?

3. ഇസഹാക്കിന്റെ നാക്കിന്റെ മൂർച്ച വാളിനുമുണ്ടായിരുന്നെങ്കിൽ എന്ന് ചിന്തിക്കുന്നതാര്? എന്തുകൊണ്ട്?

4. മരണം കൂടാതെ രാജത്വമുണ്ടാകുകയില്ല എന്നു പറയുന്ന സന്ദർഭമേത്?

5. അങ്ങ് സഖിയെയാണ് തേടിയതെങ്കിൽ കണ്ടെത്തിയ സമ്പ്രദായം നല്ലതല്ല - ബത്ത്ശേബ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?

6. കിരീടങ്ങൾക്കു ഭാരം കുറയും - ഇവിടെ അർത്ഥമാക്കുന്നതെന്താണ്?

7. കുന്നുംപുറത്തെ ദേവയാനിക്ക് ഒന്നുമില്ല - ഇവിടെ സൂചിപ്പിക്കുന്നതെന്ത്?

8. എത്രകാലം മനുഷ്യൻ കശാപ്പുകൊണ്ട് ആത്മശാന്തി നേടും - ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത്?

9. പ്രഭാകരൻപിള്ളയുമായി രാമൻ സംഘർഷമുണ്ടാക്കാൻ കാരണമെന്ത്?

10. ഒരു പെങ്കൊച്ചിന്റെ ജന്മം തൊലച്ചാ മൂന്നു മാസമേ ഒള്ളോ ശിക്ഷ - ആരുടെ വാക്കുകൾ?

11. മീനാക്ഷി എന്ന കഥാപാത്രത്തിനുള്ള പ്രസക്തി യെന്ത്?

12. പ്രഭാകരൻ പിള്ള എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുന്ന ആദ്യരംഗം വിശദമാക്കുക.

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. ബത്ഷേശേബ, ഞാനൊരു ഏകാന്തനാണ്. ഒരു ജനക്കൂട്ടത്തിന്റെ മധ്യത്തിലെ ഏകാകി - ദാവീദ് ഇങ്ങനെ പറയാൻ കാരണമെന്ത്?

14. ശത്രുവിനെ എറിഞ്ഞു കൊല്ലുന്നത് ഇടയക്കുട്ടികൾക്കു ചേരും - സന്ദർഭവും ആശയവും എഴുതുക.

15. നാടകത്തിൽ സംഘർഷത്തിനുള്ള സ്ഥാനത്തെക്കുറിച്ച് ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തെ ആസ്പദമാക്കി വിവരിക്കുക.

16. ഊറിയാ പോയി വരൂ. രാജകൽപ്പനയ്ക്കു ഭടന്മാർ കാരണമന്വേഷിക്കാറില്ല. യോവാബ് ഇങ്ങനെ പറയുന്നതെന്തുകൊണ്ട്? എപ്പോൾ?

17. വിശ്വംഭരനും ദേവയാനിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിശദമാക്കുക.

18. തിരക്കഥയ്ക്ക് സിനിമയിലുള്ള സ്ഥാനം പെരുവഴിയമ്പലത്തെ അടിസ്ഥാനമാക്കി എഴുതുക.

19. നാടകവും സിനിമയും തമ്മിലുള്ള വ്യത്യാസങ്ങൾ അടയാളപ്പെടുത്തുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. പാപഫലമായ ദുരന്താനുഭവത്തിലൂടെ മഹത്വത്തിലേക്ക് ഉയർന്ന കഥാപാത്രമാണ് നാടകത്തിലെ ദാവീദ് രാജാവ് - വിലയിരുത്തുക.

21. ബൈബിളിലെ ലഘുകഥയെ അടിസ്ഥാനമാക്കി തയ്യാറാക്കിയ സി.ജെ.യുടെ നാടകം മറ്റൊരു തലത്തിലേക്ക് ഉയരുന്നുണ്ടോ? അഭിപ്രായം രേഖപ്പെടുത്തുക.

22. ചലച്ചിത്രത്തിന്റെ രൂപരേഖയാണ് തിരക്കഥയെന്ന അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? ചർച്ച ചെയ്യുക.

23. ആൾക്കൂട്ടത്തിന്റെ വിവിധതലങ്ങളിൽ നിന്നുള്ള കാഴ്ചയ്ക്ക് 'പെരുവഴിയമ്പലം' പ്രാധാന്യം നൽകുന്നു - വിലയിരുത്തുക.

24. നിലനിൽക്കുന്ന സാമൂഹ്യാവസ്ഥയെ പരിശോധിക്കുകയാണ് 'പെരുവഴിയമ്പലം' ചെയ്യുന്നത് - ഉപന്യസിക്കുക.
